(ഡി) ഇവയിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുണ്ടായിരുന്ന 7% ഡി.എ. 1-8-2003 മുതൽ 20% ആയി വർദ്ധിപ്പിച്ചു. മുമ്പ് പെൻഷൻ ലഭിച്ചിരുന്ന ഖാദി ഹിന്ദി പ്രചാരകർക്ക് വീണ്ടും പെൻഷൻ അനുവദിക്കുകയുണ്ടായി.

(ബി) നിരസിച്ചിട്ടില്ല.

(സി) കേള സ്റ്റേറ്റ് ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷൻ, കേരള ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷൻ, ആൾ ഇന്ത്യാ ഫ്രീഡം ഫൈറ്റേഴ്സ് ഓർഗനൈസേഷൻ തുടങ്ങിയ സംഘടനകൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് നിവേദനങ്ങൾ നൽകിയിരുന്നു.

(ഡി) പ്രസ്തുത നിവേദനങ്ങൾ പരിശോധിച്ച് ചില ആവശ്യങ്ങളിൻമേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണെന്നും പ്രായോഗിക ബുദ്ധിമുട്ട് ഉള്ളവ അനുദിക്കാനാവില്ലന്നും സംഘടനകളെ യഥാസമയം അറിയിച്ചിരുന്നു.

കാസർഗോഡ് ജില്ലയുടെ സമഗ്രവികസനത്തിനായി നടപടികൾ

19 [1661] *ശ്രീ. ചെർക്കളം അബ്ദുള്ള*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയുടെ സമഗ്രവികസനത്തിനായി ഈ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച് ജനപ്രതിനിധികളുമായുള്ള ചർച്ച എന്നത്തേക്ക് നടത്താൻ കഴിയും;

(സി) കാസർഗോഡ് ജില്ലയുടെ വികസനത്തിനായി ഇതുവരെ എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്;

(ഡി) എത്ര സമയത്തിനകം പൂർത്തിയാക്കാൻ കഴിയുന്ന ഏതൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ അനന്തപുരത്തും ചറ്റംചലും ഇന്റസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ അവയുടെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ജില്ലയിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള മേഖലാ പദ്ധതിയിൻകീഴിൽ കേന്ദ്രസഹായത്തിനായി സംസ്ഥാനത്തുനിന്നും തെരഞ്ഞെടുക്കപ്പെട്ട രണ്ട് ജില്ലകളിൽ ഒന്ന് കാസർകോഡ് ജില്ലയാണ്. ഈ ആവശ്യത്തിലേക്കായി ഇതുവരെ 272 ജലവിതരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 204 പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലാണ്. ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയിൻകീഴിൽ ജില്ലയിലെ 72 സ്കൂളുകളിൽ 32 എണ്ണത്തിന് കുടിവെള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് വീതിക്കുമ്പോൾ പിന്നോക്കാവസ്ഥയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതിനാൽ സംസ്ഥാനത്തെ ആളോഹരി വിഹിതം ശരാശരി 262.18 രൂപയായിരിക്കുമ്പോൾ കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 274.18 രൂപയാണ് ശരാശരി വിഹിതമായി ലഭിക്കുന്നത്. ഇത് സംസ്ഥാനത്തെ നാലാമത്തെ ഉയർന്ന തുകയാണ്.

(ബി) കാസർഗോഡ് ജില്ലയിലെ ജനപ്രതിനിധികളുടെ യോഗം ഈ സമ്മേളനം കഴിഞ്ഞതിനുശേഷം വിളിച്ചുചേർക്കാൻ ഉദ്ദേശിക്കുന്നു.

(സി) കിൻഫ്രാ, വാട്ടർ അതോറിറ്റി, കൃഷി വകുപ്പ്, മത്സ്യബന്ധന വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പ്, ആരോഗ്യ വകുപ്പ്, ജലസേചന വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, പോലീസ് വകുപ്പ്, വൈദ്യുതി ബോർഡ്, ബേക്കൽ റിസോർട്ട് വികസന വകുപ്പ് എന്നിവയുടെ കാസർഗോഡ് ജില്ലാ മേധാവികളുടെയും, ആസ്ഥാന വകുപ്പ് മേധാവികളുടെയും യോഗം മുഖ്യമന്ത്രി വിളിച്ചു ചേർക്കുകയും പ്രസ്തുത വകുപ്പുകളോട് കാസർഗോഡ് ജില്ലാ വികസനത്തിനുള്ള പദ്ധതികൾ സമർപ്പിക്കാനാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) കാസർഗോഡ് ജില്ലയെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികളുടെ യോഗത്തിൽ വച്ച് പദ്ധതികൾക്ക് അന്തിമരൂപം നൽകുന്നതായിരിക്കും.

ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം

20 [1666] *ശ്രീ. കെ. പി. രാജേന്ദ്രൻ*:

„ *എം. കുമാരൻ*:

„ *എൻ. രാജൻ*:

„ *ബിനോയ് വിശ്വം*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly